**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 601** **09-08-2023 - ൽ മറുപടിയ്ക്ക്**

**നിക്ഷേപകർക്ക് കെ.എഫ്.സി. വഴി ലോണുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപ സൗഹൃദ സംസ്ഥാനമായ കേരളത്തിൽ നിക്ഷേപർക്ക് സംരംഭങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. വഴി നൽകുന്ന ലോണുകൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എഫ്.സി വഴി നൽകുന്ന ലോണുകൾ സംരംഭകർക്ക് വേഗത്തിൽ ലഭ്യമാക്കാനായി എല്ലാ ജില്ലാ ആഫീസുകളും MSME Credit Branches (MCBs) കളായി മാറ്റുകയുണ്ടായി. 10 കോടി രൂപയ്ക്ക് മുകളിലുള്ള ലോണുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ട് പുതിയ Large Credit Branches (LCBs) രൂപീകരിക്കുകയും ചെയ്തു. വായ്പ അപേക്ഷ സ്വീകരിക്കുന്നതു മുതൽ വായ്പാ വിതരണം വരെയുള്ള എല്ലാ കാര്യങ്ങളും, ഒരു കുടക്കീഴിലാകുക വഴി സംരംഭകർക്ക് കെ.എഫ്.സി വായ്പയെടുക്കുന്നതും തുടർന്നുള്ള നടപടികളുമെല്ലാം അനായാസം നടത്തുവാൻ സാധിക്കുന്നതാണ്. |
| (ബി) | ലോണുകൾ നൽകുന്നതിനു വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ കെ.എഫ് .സി. സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംരംഭകർക്ക് ഓൺലൈൻ വഴി വായ്പയ്ക്ക് അപേക്ഷിക്കാനും, തുടർ നടപടികൾ എല്ലാം ഓൺലൈനായി നടത്തുന്നതിനുമുള്ള സൗകര്യം ലഭ്യമാണ്. വായ്പയ്ക്ക് അപേക്ഷിച്ചാൽ ഏഴ് ദിവസത്തിനകം തീരുമാനം അറിയിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ആറു മാസത്തിനിടയിൽ കുടിശ്ശിക നിവാരണ പദ്ധതികളും ബോധവത്ക്കരണവും ആശ്വാസ നടപടികളും സ്വീകരിച്ച് സംരംഭകരെ സഹായിക്കുന്ന നയസമീപനം സ്വീകരിക്കുമോ? | (സി) | കോർപ്പറേഷനിൽ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ ഉണ്ട് |

സെക്ഷൻ ഓഫീസർ